LIBRARY ARCHIVES Kerala Legislative Assembly

കാസർഗോഡ് സോഷ്യൽ ഫോറസ്ട്രി ഡിവിഷനിലെ ഹോസ്ദുർഗ് റെയിഞ്ച്

മലപ്പുറം സോഷ്യൽ ഫോറസ്ട്രി ഡിവിഷനിലെ നിലമ്പൂർ റെയിഞ്ച്

വയനാട് സോഷ്യൽ ഫോറസ്ട്രി ഡിവിഷനിലെ മാനന്തവാടി, സുൽത്താൻ ബത്തേരി റെയിഞ്ചുകൾ

കണ്ണൂർ സോഷ്യൽ ഫോറസ്ട്രി ഡിവിഷനിലെ തലശ്ശേരി റെയിഞ്ച്

റെയിഞ്ച്, ഫോറസ്റ്റ് സ്റ്റേഷൻ തലങ്ങളിൽ ഉപയോഗിക്കാൻ ഉതകുന്ന വാഹനങ്ങൾ വാങ്ങുന്നതിന് തൽസംബന്ധമായ ബഡ്ജറ്റ് ശീർഷകങ്ങളിൽ ഫണ്ട് അപര്യാപ്തമാണ്. 4406-10-101-99 വനസംരക്ഷണം (ക്യാപിറ്റൽ പ്ലാൻ) എന്ന ബഡ്ജറ്റ് ശീർഷകത്തിൽ പുതിയ വാഹനങ്ങൾ വാങ്ങുന്നതിനായി 200 ലക്ഷം രൂപ അനുവദിക്കുന്നതിനുള്ള ഉപധനാഭ്യർത്ഥന പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലാണ്.

വൈത്തിരി മേപ്പാടി കാട്ടാന ശല്യം കുറയ്ക്കുന്നതിന് വൈദ്യുതി കമ്പിവേലി

175(5764) ശ്രീ. എം. വി. ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാട്ടാന ശല്യം കുറയ്ക്കുന്നതിനായി കൽപ്പറ്റ നിയോജക മണ്ഡലത്തിലെ വൈത്തിരി-മേപ്പാടി മേഖലകളിൽ സ്ഥാപിക്കുന്ന വൈദ്യുതി വേലിയുടെ നിർമ്മാണ പുരോഗതി വെളിപ്പെടുത്തുമോ ;

(ബി) പ്രസ്തുത പ്രവൃത്തിയുടെ നിലവിലെ സ്ഥിതി എന്തെന്ന് വ്യക്തമാക്കുമോ ;

(സി) വൈത്തിരി-മേപ്പാടി മേഖലകളിൽ സ്ഥാപിക്കുന്ന വൈദ്യുതി വേലിയുടെ നിർമ്മാണം എത്രയും വേഗം പൂർത്തിയാക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) കാട്ടാനശല്യം കുറയ്ക്കുന്നതിനായി കല്പറ്റ നിയോജക മണ്ഡലത്തിലെ വൈത്തിരി-മേപ്പാടി മേഖലകളിൽ NABARD XVII പദ്ധതിയിൽ ഉൾപ്പെടുത്തി താഴെ പറയുന്ന സ്ഥലങ്ങളിൽ വൈദ്യുതി-വേലി നിർമ്മിക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ട്.

1. വീട്ടിക്കുന്ന്-വാഗ പ്ലാന്റേഷൻ ഏരിയയിൽ 8,66,000 രൂപ അടങ്കൽ ചെലവിൽ 4.70 കി. മീറ്റർ വൈദ്യുതി കമ്പിവേലിയുടെ നിർമ്മാണം - ഇതിൽ 1.5 കി. മീറ്റർ കമ്പിവേലിയുടെ നിർമ്മാണം പൂർത്തിയായിട്ടുണ്ട്. ബാക്കി വരുന്ന 3.2 കി. മീറ്റർ ദൂരം നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുവരുന്നു.

2. വട്ടക്കുണ്ട്-വീട്ടിക്കുന്ന് ഏരിയയിൽ 2,88,000 രൂപ അടങ്കൽ ചെലവിൽ 1.5 കി. മീറ്റർ വൈദ്യുത കമ്പിവേലിയുടെ നിർമ്മാണം - പ്രസ്തുത കമ്പിവേലിയുടെ നിർമ്മാണം ഇതിനകം പൂർത്തീകരിച്ചിട്ടുണ്ട്.

3. പുളക്കുന്ന് - എളമ്പിലേരി ഏരിയയിൽ 7,32,000 രൂപ അടങ്കൽ ചെലവിൽ 4 കി. മീറ്റർ വൈദ്യുത കമ്പിവേലിയുടെ നിർമ്മാണം.

4. കനേഡിയൻകുണ്ട്-വട്ടക്കുണ്ട് ഏരിയയിൽ 9,13,000 രൂപ അടങ്കൽ ചെലവിൽ 5 കി. മീറ്റർ വൈദ്യുത കമ്പിവേലിയുടെ നിർമ്മാണം

5. ചോലമല-ചുള്ളക്ക ഏരിയയിൽ 7,32,000 രൂപ അടങ്കൽ ചെലവിൽ 4 കി. മീറ്റർ വൈദ്യുത കമ്പിവേലിയുടെ നിർമ്മാണം.

6. ചുള്ളക്ക-അരണമല ഏരിയയിൽ 7,92,000 രൂപ അടങ്കൽ ചെലവിൽ 4.2 കി. മീറ്റർ വൈദ്യുത കമ്പിവേലിയുടെ നിർമ്മാണം.

മേൽ പദ്ധതിപ്രകാരം വയനാട് ജില്ലയിൽ വൈദ്യുതി കമ്പിവേലി സ്ഥാപിക്കുന്നതിന് ആവശ്യമായ ഉപകരണങ്ങൾ സപ്ലൈ ചെയ്യുന്നതിന് മാനന്തവാടി നോർത്ത് വയനാട് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ ടെണ്ടർ ക്ഷണിക്കുകയും M/s. Natural Fence, Mysore എന്ന സ്ഥാപനം സമർപ്പിച്ച ടെണ്ടർ അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. വനസംരക്ഷണ സമിതി മുഖേന നടപ്പുസാമ്പത്തിക വർഷത്തിൽ 3 ഘട്ടങ്ങളിലായി നടത്തുവാനുദ്ദേശിച്ചിട്ടുള്ള പ്രസ്തുത ഫെൻസിംഗ് ജോലികളിൽ ഒന്നാംഘട്ടത്തിൽ ഉൾപ്പെട്ട മേൽ 1, 2 നിർമ്മാണ പ്രവർത്തനങ്ങളാണ് ഇതിനകം ആരംഭിച്ചിട്ടുള്ളത്. 3 മുതൽ 6 വരെയുള്ള നിർമ്മാണ പ്രവർത്തികൾ അടുത്ത രണ്ട് ഘട്ടങ്ങളിലായി ആരംഭിച്ച് പൂർത്തീകരിക്കുന്നതാണ്.

(ബി) 1. വീട്ടിക്കുന്ന്-വാഗ പ്ലാന്റേഷൻ ഏരിയയിൽ 4.70 കി. മീറ്റർ വൈദ്യുത കമ്പിവേലിയുടെ നിർമ്മാണ പ്രവർത്തനങ്ങളിൽ 1.5 കി. മീറ്റർ കമ്പിവേലിയുടെ നിർമ്മാണം പൂർത്തിയായിട്ടുണ്ട്. ബാക്കിവരുന്ന 3.2 കി. മീറ്റർ നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുവരുന്നു.

2. വട്ടക്കുണ്ട്-വീട്ടിക്കുന്ന് ഏരിയയിൽ 1.5 കി. മീറ്റർ വൈദ്യുത കമ്പിവേലിയുടെ നിർമ്മാണം ഇതിനകം പൂർത്തീകരിച്ചിട്ടുണ്ട്. ഉത്തരം (എ)യിൽ സൂചിപ്പിച്ചിട്ടുള്ള 3 മുതൽ 6 വരെയുള്ള നിർമ്മാണ പ്രവർത്തനങ്ങൾ രണ്ട്, മൂന്ന് ഘട്ടങ്ങളിലായി ഈ വർഷം തന്നെ ആരംഭിക്കുന്നതാണ്.

(സി) വൈത്തിരി-മേപ്പാടി മേഖലകളിൽ സ്ഥാപിക്കുന്ന വൈദ്യുത വേലിയുടെ നിർമ്മാണം എത്രയും വേഗം പൂർത്തിയാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly